# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1307** 02-03-2017-ൽ
മറുപടി നൽകേണ്ടത്

## <u>സ്വാശ്രയവിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. പി.കെ.ശശി : | പ്രൊഫ.സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തെ സ്വാശ്രയ കോളേജുകൾ വിദ്യാർത്ഥികളിൽ നിന്നും ചില പ്രത്യേക കാരണങ്ങൾ, ചൂണ്ടിക്കാട്ടി അമിത മായി പിഴ, പ്രവർത്തിക്കാത്ത സമയത്തുമുള്ള ഹോസ്റ്റൽ ഫീസ്, സെമസ്റ്റർ • തോറ്റുപോയാൽ ഒരു വർഷത്തെ ഫീസ്, ചാരിറ്റിക്ക വേണ്ടിയെന്ന രീതിയിലുള്ള പിഴ പിരിവ്, പിഴ പിരിക്കുന്നതിന് അദ്ധ്യാപകർക്ക് ടാർജറ്റ്, പ്ലേസ് മെന്റിൽ തട്ടിപ്പ്, യോഗ്യതയില്ലാത്ത അദ്ധ്യാപകരെ നിയോഗിച്ച് ക്ലാസെടുക്കൽ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രവണത കൾ വർദ്ധിച്ചുവരുന്നതു മൂലം ഉന്നത-വിദ്യാഭ്യാസ മേഖലയിൽ പ്രശ്നങ്ങൾ കടന്നു-വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്, എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള കോട്ടയം മറ്റക്കര ടോംസ് കോളേജ് ഓഫ് എൻജിനീയറിംഗ് ഫോർ സ്റ്റാർട്ടപ്സിൽ നിന്നും അമിതമായ പിഴ ഈടാക്കുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. കോളേജിന്റെ പ്രവർത്തനം സർവ്വകലാശാലയുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നടക്കുന്നുവെന്ന് കണ്ടെത്തി-യതിന്റെ അടിസ്ഥാനത്തിൽ കോളേജിന് തുടർന്നുള്ള അഫിലിയേഷൻ നൽകാ-തിരിക്കുവാനും ഇപ്പോൾ പഠിച്ചുകൊ-ണ്ടിരിക്കുന്ന വിദ്യാർത്ഥികളെ അവരുടെ താത്പര്യാർത്ഥം മറ്റു കോളേജുകളിലേക്ക് മാറ്റുന്നതിനുള്ള അവസരം നൽകി കൊണ്ടും തീരുമാനം എടുക്കുകയുണ്ടായി. ഇതു സംബന്ധിച്ച എല്ലാ വിവരവും |

| | |
|---|---|
| | എ.ഐ.സി.റ്റി.ഇ.യെ അറിയിക്കുകയും വേണ്ട സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം ഓയൂർ ട്രാവൻകൂർ കോളേജ് ഓഫ് എൻജിനീയറിംഗ് എന്ന സ്ഥാപനത്തിൽ ക്ലാസുകൾ നടത്താതെ വിദ്യാർത്ഥികളുടെ പഠനം തടസ്സപ്പെടുത്തു-ന്നതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും വിദ്യാർത്ഥികളെ മറ്റ് കോളേജുകളിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) സ്വാശ്രയ കോളേജുകളിൽ നിലവാരം കുറഞ്ഞുവരുന്നതും റിസൾട്ട് മോശമായി വരുന്നതും ചൂണ്ടിക്കാട്ടി മാനേജ്മെന്റുകൾ ഇത്തരം ദുഷ്പ്രവണതകൾ കാട്ടി വരുമാന മുണ്ടാക്കുന്നത് തടയു വാൻ ഉന്നത വിദ്യാഭ്യാസ രംഗത്ത് യൂണിവേഴ്സിറ്റി-കൾക്ക് ഫൈൻ ഈടാക്കാ നായി ഒരു പൊതു നയം രൂപീകരിക്കാനും ഇപ്രകാരം പിരിച്ചെടുക്കുന്ന തുക യൂണിവേഴ്സിറ്റി പ്രവർത്ത-നങ്ങൾക്കുവേണ്ടി മാത്രം ഉപയോഗി ക്കാനും നടപടി സ്വീകരിക്കുമോ; | ബി) ഇപ്പോൾ പരിഗണനയിലില്ല. |
| (സി) 2014-15 വർഷത്തെ സ്വാശ്രയ കോളേജ് റിസൾട്ടുകളിൽ സംസ്ഥാനത്ത് 30% ത്തിൽ കുറവ് റിസൽട്ട് വന്ന സ്വാശ്രയ കോളേജുകൾ ഏതെല്ലാം; | സി) മോഡൽ പോളിടെക്നിക്ക് കോളേജ് പൂഞ്ഞാർ, മോഡൽ പോളിടെക്നിക്ക് കോളേജ് പൈനാവ് എന്നിവിടങ്ങളിൽ 2014-15-ൽ റിസൾട്ട് 30% ൽ കുറവായിരുന്നു. |

| | |
|---|---|
| (ഡി) സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിൽ ഫൈൻ അടയ്ക്കാൻ തയ്യാറാകാത്ത കുട്ടികൾ, ഫൈൻ തുടങ്ങിയ സ്വാശ്രയ മാനേജ്മെന്റ് പ്രവർത്തനത്തിനെതിരെ സംഘടിക്കുന്ന കുട്ടികൾ എന്നിവരെ മർദ്ദിക്കുന്നതിനായി പല കോളേജുകളിലും ഇടിമുറികളും അദ്ധ്യാപകരുൾപ്പെടെ ഗുണ്ടകളേയും നിയോഗിച്ചിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ഡി) ഉണ്ട്.<br>സംസ്ഥാനത്തെ രണ്ട് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ (നെഹ്റു കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് റിസെർച്ച് സെന്റർ പമ്പാടി, ടോംസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഫോർ സ്റ്റാർട്ട് അപ്പ്, മറ്റക്കര, കോട്ടയം) നടന്ന വ്യത്യസ്തമായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ സാങ്കേതിക വിദ്യഭ്യാസ വകുപ്പ് ഈ കോളേജുകളിലേക്ക് ഒരു അന്വേഷണം നടത്താൻ രണ്ട് സീനിയർ പ്രൊഫസർമാരെ നിയോഗിച്ചിട്ടുണ്ട്. |
| (ഇ) എങ്കിൽ സ്വകാര്യ/സ്വാശ്രയ മേഖലയിലെ ദുഷ് പ്രവണതകൾ തടയുവാനും ഉന്നതവിദ്യാഭ്യാസ മേഖല സംരക്ഷിക്കുവാനും എല്ലാ യൂണിവേഴ്സിറ്റികൾക്കുമായി ഇത്തരം വിഷയങ്ങളിൽ ഒരു ഏകീകൃത നിയമവ്യവസ്ഥ ഉണ്ടാക്കുവാനും നടപടികൾ സ്വീകരിക്കുമോ? | ഇ) സ്വാശ്രയ കോളേജുകളിലെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ചും മറ്റും പഠിക്കുന്നതിലേക്കായി ഒരു മൂന്ന് അംഗ കമ്മീഷനെ സർക്കാർ ജി.ഒ (എം.എസ്) നം. 37/2017/ഉ.വി.വ തീയതി 04.02.2017 പ്രകാരം നിയമിച്ച് ഉത്തരവായിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**